പ്രകാശവചനം
സി.എം റഫീഖ് കോക്കൂർ

# കുടുംബബന്ധങ്ങൾ ഊഷ്മളമാക്കുക

عَنْ اَبى مُحَمّد جُبَير ابْنُ مطعم رَضِيَ اللّٰهُ عَنْهُ اَنَّ رَسول ﷺ قَالَ: لاَ يَدْخُلُ الْجَنَّةَ قَاطِعٌ

**ജുബൈറി(റ)ൽ നിന്ന് നിവേദനം. റസൂൽ(സ) പറഞ്ഞു: കുടുംബബന്ധം വിഛേദിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല (ബുഖാരി, മുസ്‌ലിം).**

കുടുംബബന്ധം കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്ന പ്രവാചക വചനമാണിത്. കുടുംബ ഭദ്രതയിലൂടെയാണ് സാമൂഹ്യ സുരക്ഷിതത്വം സംജാതമാകേണ്ടത്. കുടുംബാംഗങ്ങൾക്കിടയിൽ സ്നേഹ-കാരുണ്യ വികാരങ്ങളാൽ ഊട്ടപ്പെട്ട ഇഴയടുപ്പമുള്ള മാനസിക ബന്ധം നിലവിൽ വന്നാൽ മാത്രമേ ഇത് സാധ്യമാകൂ. അല്ലാത്തപക്ഷം, കുടുംബ ശൈഥില്യവും, അതുവഴി സാമൂഹ്യ അരക്ഷിതത്വവുമാണുണ്ടാവുക. കുടുംബം ഭദ്രമാക്കാനാവശ്യമായ പ്രചോദനങ്ങൾ പരിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും എമ്പാടും കാണാം.

കുടുംബബന്ധം കാത്ത് സൂക്ഷിക്കുന്നതിനെ ദൈവ ഭക്തി(തഖ്‌വ)യുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഖുർആൻ പരാമർശിച്ചിട്ടുള്ളത്.

ഖുർആൻ പറയുന്നു: "മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുവിൻ. അവൻ നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും അതേ ആത്മാവിൽ നിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും, അനന്തരം അവ രണ്ടിൽനിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും ഭൂലോകത്ത് വ്യാപിപ്പിക്കുകയും ചെയ്തവനത്രെ. അതെ, ഏതൊരുത്തന്റെ പേരിൽ നിങ്ങൾ പരസ്പരം അവകാശങ്ങളും ആനുകൂല്യങ്ങളും ചോദിക്കുന്നുവോ ആ അല്ലാഹുവിനെ സൂക്ഷിക്കുവിൻ. കുടുംബ ബന്ധങ്ങളെയും സൂക്ഷിക്കുവിൻ. നിശ്ചയം അല്ലാഹു നിങ്ങളെ വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്" (*അന്നിസാഅ്* 1).

പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പ് തന്നെ കുടുംബ ബന്ധം ചേർക്കുന്നതിൽ അങ്ങേയറ്റം നിഷ്കർഷ പുലർത്തിയിരുന്നു മുഹമ്മദ് നബി(സ). ഹിറാ ഗുഹയിൽ ആദ്യമായി ദിവ്യബോധനം ലഭിച്ച്, എന്താണ് സംഭവിച്ചതെന്നറിയാതെ പരിഭ്രാന്തനായി ഖദീജ(റ)യുടെ അടുത്തെത്തുന്ന പ്രവാചകനെ അവർ ആശ്വസിപ്പിക്കുന്ന വാക്കുകളിൽ നമുക്കിത് ദർശിക്കാം: "ഇല്ല, അല്ലാഹു തന്നെയാണ. അല്ലാഹു താങ്കളെ ഒരിക്കലും നിന്ദിക്കുകയില്ല. താങ്കൾ കുടുംബബന്ധം സ്ഥാപിക്കുന്നു. മറ്റുള്ളവരുടെ വിഷമം സ്വയം ഏറ്റെടുക്കുന്നു, അഗതികളെ സംരക്ഷിക്കുന്നു, അതിഥികളെ ആദരിക്കുന്നു."

പ്രവാചകത്വം ലഭിച്ചതിന് ശേഷമുള്ള നബി(സ)യുടെ ജീവിതം ഭദ്രമായ കുടുംബത്തെ എങ്ങനെ കെട്ടിപ്പടുക്കാം എന്നതിന്റെ ഉത്തമ മാതൃകയായിരുന്നു.

ആഇശ(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: "കുടുംബ ബന്ധം 'അർശി'ൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. എന്നോട് ബന്ധം ചേർക്കുന്നവനെ അല്ലാഹു ബന്ധപ്പെടുത്തട്ടെ, ഞാനുമായി ബന്ധം വിഛേദിക്കുന്നവനെ അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് വിഛേദിക്കട്ടെ എന്ന് റഹ്മ് (കുടുംബബന്ധം) സദാസമയം പ്രാർഥിച്ചുകൊണ്ടിരിക്കും" (ബുഖാരി, മുസ്‌ലിം).

മറ്റൊരു നബിവചനം: അനസി(റ)ൽ നിന്ന് നിവേദനം: "ഉപജീവനത്തിൽ വിശാലത ലഭിക്കാനും ദീർഘായുസ്സ് ലഭിക്കാനുമാഗ്രഹിക്കുന്നവർ കുടുംബബന്ധം പുലർത്തിക്കൊള്ളട്ടെ" (ബുഖാരി, മുസ്‌ലിം).

വിജയ പരാജയങ്ങളുടെ സാക്ഷാൽ മാനദണ്ഡമായ സ്വർഗ പ്രവേശവും നരക മോചനവുമായി ബന്ധിപ്പിച്ചാണ് മേൽ കൊടുത്ത ഹദീസിൽ കുടുംബബന്ധത്തെ പരാമർശിക്കുന്നത്. കുടുംബബന്ധം മുറിക്കുന്നവന് മറ്റെന്ത് സൽക്കർമങ്ങൾ ചെയ്താലും സ്വർഗ പ്രവേശം അസാധ്യമാകുമെന്നത് അത്യധികം ഗൗരവത്തോടെ കാണേണ്ടതാണ്. ■